(ബി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ, ബി) ചിറ്റാരിക്കൽ പോലീസ് സ്റ്റേഷന്റെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് കേസുകൾ

48 [766] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത കേസുകളിൻമേൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വിജിലൻസ് വകുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി കൈമാറിയ എത്ര കേസുകൾ ഏതെല്ലാം വകുപ്പുകളിൽ വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണം ഫയൽ ചെയ്യാൻ കഴിയാതെ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് 349 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ വകുപ്പ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) അന്വേഷണം പൂർത്തിയാക്കിയ 61 കേസുകളിലായി 121 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി) വിജിലൻസ് വകുപ്പ് അന്വേഷണം പൂർത്തിയാക്കിയ എന്നാൽ ബന്ധപ്പെട്ട വകുപ്പിന്റെ/സർക്കാരിന്റെ അനുമതി ലഭിക്കാത്തതുകാരണം കോടതിയിൽ കുറ്റപത്രം സമർപ്പിക്കാൻ കഴിയാത്തതായി 38 കേസുകളുണ്ട്. അവയുടെ വകുപ്പു തിരിച്ചുള്ള എണ്ണം ചുവടെ ചേർത്തിരിക്കുന്നു:

കേന്ദ്ര സർക്കാർ	..	4
കേരള സർക്കാർ	..	11
ആരോഗ്യം	..	2
പഞ്ചായത്ത്	..	2
റവന്യൂ	..	2
സിവിൽ സപ്ലൈസ്	..	3
മൃഗസംരക്ഷണം	..	2

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ	..	1
വിൽപ്പന നികുതി	..	1
വിദ്യാഭ്യാസം	..	1
വൈദ്യുതി ബോർഡ്	..	1
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്	..	1
സഹകരണം	..	2
ഹോമിയോ	..	1
കാപ്പെക്സ്	..	1
ഇ.എസ്.ഐ.	..	1
കോ-ഓപ്പറേറ്റീവ് ബാങ്ക്	..	2
ആകെ	..	38

കുടുംബ കോടതി നിലനിർത്താൻ നടപടി

49 [767] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പ്രവർത്തിക്കുന്ന കുടുംബ കോടതി മഞ്ചേരിയിൽത്തന്നെ നിലനിർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ, ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേരിയിൽ സൗകര്യപ്രദമായ കെട്ടിടം ലഭ്യമാക്കിയാൽ കുടുംബകോടതി മഞ്ചേരിയിൽത്തന്നെ തുടർന്നുകൂടേ എന്നത് സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ഫയർഫോഴ്സ് വകുപ്പിന്റെ നവീകരണം

50 [768] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഫയർഫോഴ്സ് വകുപ്പിന്റെ നവീകരണത്തിനായി ഇതുവരെ എത്ര കോടി അനുവദിച്ചു;

(ബി) സംസ്ഥാനത്ത് പുതുതായി ഇനി എത്ര ഫയർസ്റ്റേഷനുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ഈ സ്റ്റേഷനുകൾക്കായി സ്ഥലം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദീകരിക്കുമോ;

(ഡി) പുതുതായി ആരംഭിക്കുന്ന ഫയർസ്റ്റേഷനുകൾ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly